പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3756** **23.08.2017 ൽ മറുപടിയ്ക്ക്**

## സ്പോർട്സിലൂടെ ആരോഗ്യം

**ചോദ്യം.**

ശ്രീ.എസ്.രാജേന്ദ്രൻ

ശ്രീ. എം. സ്വരാജ്

ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.ആർ. രാജേഷ്

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എല്ലാവർക്കും സ്പോർട്സിലൂടെ ആരോഗ്യം എന്ന ലക്ഷ്യം കൈവരിയ്ക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | എ) | കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും, നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നഴ്സറി തലം മുതൽ നാലാം ക്ലാസ്സ് വരെയും, അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയും പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജനവിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ വേർതിരിച്ച് വ്യത്യസ്തമായ പരിപാടികളോടെ കായികപരിശീലനവും ആരോഗ്യ ശീലങ്ങളും, ആരോഗ്യത്തെക്കുറിച്ചുള്ള പൊതു ബോധവും, ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമത മിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. |
| ബി) | ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) & സി) | കായിക, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ ജനവിഭാഗങ്ങളെയും ലക്ഷ്യമാക്കിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| സി) | ഇതിന്റെ വിജയകരമായ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ